II ഇ.ബി. XV-കേരള നിയമസഭ/II-9

## പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ആഗസ്റ്റ് 3, ചൊവ്വ

നിയമസഭ രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

22 (*241) <u>സംസ്ഥാനത്തെ റെയിൽവേ വികസനം</u>

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി രൂപീകരിച്ച സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ പുതുതായി രണ്ടു റെയിൽവേ ലൈനുകളുടെയും തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻഗോഡ്, അങ്കമാലി-ശബരി റെയിൽവേ ലൈനുകളുടെയും നിർമ്മാണം കെ-റെയിൽ മുഖേന

നടപ്പാക്കാനുദ്ദേശിക്കുന്നതായി സഭയെ അറിയിച്ചു. സിൽവർ ലൈൻ പദ്ധതിയുടെ വിശദ പഠന റിപ്പോർട്ട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അന്തിമാനുമതിക്കായി സമർപ്പിക്കുകയും പദ്ധതിക്കായുള്ള വായ്പ സ്വരൂപണവും ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. നടപടിക്രമങ്ങൾ പുരോഗമിക്കുന്ന തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻഗോഡ് റെയിൽവേ ലൈൻ പദ്ധതികളുടെ അലൈൻമെന്റുകൾക്ക് കർണ്ണാടക സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണെന്നും അങ്കമാലി-ശബരി റെയിൽ പദ്ധതിച്ചെലവിന്റെ 50 ശതമാനം സംസ്ഥാന സർക്കാർ വഹിക്കുന്നതാണെന്ന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിനെ അറിയിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വർക്കല സ്റ്റേഷൻ നവീകരണത്തിന് എസ്.പി.വി. രൂപീകരിച്ച് ഇന്ത്യൻ റെയിൽവേ സ്റ്റേഷൻസ് ഡെവലപ്മെന്റ് കോർപ്പറേഷനുമായി ധാരണാപത്രം ഒപ്പിടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. എറണാകുളം സ്റ്റേഷൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള കോച്ചിംഗ് ടെർമിനൽ ആക്കി മാറ്റുന്നതിന് പ്രൊപ്പോസൽ നിർദ്ദേശിക്കുകയും പാതയിരട്ടിപ്പിക്കൽ പദ്ധതികൾ ബജറ്റിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തിയാക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് കത്ത്

നൽകുകയും ചെയ്തിട്ടുണ്ട്. ട്രെയിനുകൾ പൂർവ്വസ്ഥിതിയിൽ ഓടിത്തുടങ്ങിയശേഷം കോവിഡ് പശ്ചാത്തലത്തിൽ നിർത്തിവച്ച ടിക്കറ്റ് കൗണ്ടറുകളും സീസൺ ടിക്കറ്റും പുനഃസ്ഥാപിക്കുന്നതാണെന്ന് റെയിൽവെ മന്ത്രാലയം അറിയിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

23(*242) <u>കായിക മേഖലയുടെ സമഗ്ര പുരോഗതി</u>

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, വിവിധ കായിക ഇനങ്ങളിൽ തൽപരരായവരെ ചെറുപ്രായത്തിൽ കണ്ടെത്തി ഓരോ കായികയിനത്തിലും അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിന് കായിക ക്ഷമതാ മിഷൻ, 'ഓപ്പറേഷൻ ഒളിമ്പ്യ' തുടങ്ങിയ പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടെന്നും മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയ പരിശീലനം നൽകുന്നതിന് കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. കായിക യുവജന കാര്യാലയം മുഖേന കുട്ടികൾക്ക് ഫുട്ബോളിന് കിക്കോഫ്, സ്വിമ്മിംഗിന് സ്പ്ലാഷ്, ബാസ്കറ്റ് ബാളിന് ഹൂപ്സ്, അത്‌ലറ്റിക്സിന് സ്പ്രിന്റ് എന്നിങ്ങനെ പ്രത്യേക പരിശീലന പരിപാടികളും

സ്കൂളുകളെ സ്പോട്ടിംഗ് ഹബ്ബുകളാക്കുന്നതിന് പ്ലേ ഫോർ ഹെൽത്ത് സ്കീം, പരിശീലകരുടെ മികവ് വർദ്ധിപ്പിക്കുന്നതിന് "സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ്" എന്നിവയും നടപ്പാക്കിവരുന്നുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ഏകദേശം 1000 കോടി രൂപയുടെ വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയും ജി.വി.രാജ സ്പോർട്സ് സ്കൂൾ തിരുവനന്തപുരം, സ്പോർട്സ് ഡിവിഷൻ, കണ്ണൂർ, തിരുവനന്തപുരം എന്നീ സ്ഥാപനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. അന്താരാഷ്ട്ര നിലവാരത്തിലുള്ള കായിക താരങ്ങളുമായി സംവദിക്കുന്നതിന് "ലെജന്റ് ടോക് റ്റു യു" പദ്ധതിയും ശാസ്ത്രീയമായി കുട്ടികളിലെ കഴിവുകൾ കണ്ടെത്തുന്നതിന് മസ്സിൽ ബയോപ്സി ടെസ്റ്റും നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ്മൂലം അടച്ചിടേണ്ടിവന്ന മൈതാനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കുന്നംകുളം ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് സ്വതന്ത്രമായി കായിക പരിശീലനം

നടത്തുന്നതിന് പിങ്ക് സോണുകൾ ഏർപ്പെടുത്തുന്ന കാര്യവും ഖേലോ ഇന്ത്യ പദ്ധതിയിലുൾപ്പെടുത്തി പിങ്ക് സ്റ്റേഡിയം നിർമ്മിക്കുന്ന കാര്യവും പരിഗണനയിലാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അഞ്ഞൂറോളം കായികതാരങ്ങൾക്ക് ജോലി നൽകുകയും വർഷംതോറും അൻപതോളം കായികതാരങ്ങൾക്ക് ജോലി നൽകാനുള്ള പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലാ സ്റ്റേഡിയം, അരീക്കോട് സ്റ്റേഡിയം, ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയം ഉൾപ്പെടെ സംസ്ഥാനത്ത് തടസ്സപ്പെട്ടുകിടക്കുന്ന മുഴുവൻ സ്റ്റേഡിയങ്ങളുടെയും നിർമ്മാണം പൂർത്തിയാക്കുമെന്നും സ്കൂളുകളിലെ കായികാദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിനും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമെന്നും കായിക വികസന നയം അടുത്ത ജനുവരിയിൽത്തന്നെ പ്രഖ്യാപിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

24(*243) <u>മൃഗസംരക്ഷണ വകുപ്പിലെ രോഗനിർണ്ണയ സംവിധാനങ്ങൾ</u>

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) നൽകിയ മറുപടിയിൽ, പക്ഷി മൃഗാദികളിലെ രോഗനിർണ്ണയം

നടത്തുന്നതിനായി മൃഗസംരക്ഷണ വകുപ്പിനു കീഴിൽ പാലോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് (SIAD), തിരുവല്ല, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിൽ റീജിയണൽ ഡിസീസ് ഇൻവെസ്റ്റിഗേഷൻ ലബോറട്ടറികൾ, ജില്ലാ വെറ്ററിനറി കേന്ദ്രത്തോടനുബന്ധിച്ച് ജില്ലാ ക്ലിനിക്കൽ ലബോറട്ടറികൾ എന്നിവ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പാലോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിൽ ആനകളുടെ ഹെർപ്പിസ്, വളർത്തുമൃഗങ്ങളിലെ പേവിഷബാധ, എ.ഡി.ഡി.എൽ. തിരുവല്ലയിൽ മൈക്രോബയോളജി, ഹിസ്റ്റോപതോളജി, ആർ.ഡി.ഡി.എൽ. പാലക്കാടിൽ എലിസ ടെസ്റ്റ് എന്നിവയ്ക്ക് എൻ.എ.ബി.എൽ. അംഗീകാരമുള്ള രോഗനിർണ്ണയ സംവിധാനം ലഭ്യമാണ്. കണ്ണൂർ ഒഴികെയുള്ള എല്ലാ റീജിയണൽ ഡിസീസ് ഡയഗണോസ്റ്റിക് ലബോറട്ടറികളും പി.സി.ആർ. പരിശോധന നടത്താൻ സജ്ജമാക്കുകയും കണ്ണൂർ ലബോറട്ടറിയിൽ ഇതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ടെന്ന് മന്ത്രി അറിയിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആറ് മാസത്തിലൊരിക്കൽ താറാവുകൾക്ക് വാക്സിൻ നൽകാൻ

സംവിധാനമൊരുക്കുമെന്നും പാറശ്ശാല, കണ്ണൂർ ഗോട്ട് ഫാമുകളിലെ ജോണിസ് ഡിസീസ് ബാധിച്ച ആടുകളെ മാറ്റിപ്പാർപ്പിച്ച് രോഗവ്യാപനം തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 25(*244) നാളികേര കൃഷി ലാഭകരമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, സംരക്ഷണം, അഭിവൃദ്ധി എന്നിവ ഉറപ്പുവരുത്തുന്നതിന് 'നാളികേര വികസന കൗൺസിൽ' രൂപീകരിച്ചിട്ടുണ്ടെന്നും നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകൾ വർഷംതോറും വാർഡ് അടിസ്ഥാനത്തിൽ വിതരണം ചെയ്തുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. നൂറു ദിന പരിപാടിയിൽ 25 FPO (ഫാർമർ പ്രൊഡ്യൂസർ ഓർഗ്ഗനൈസേഷൻ) കൾ രൂപീകരിക്കാനും KIIFB ധനസഹായത്തോടെ വേങ്ങേരിയിലും കുത്താളിയിലും രണ്ടു നാളികേര അഗ്രോപാർക്കുകൾ സ്ഥാപിക്കാനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

കോഴിക്കോട് ജില്ലയിലെ വടകരയിലും തൃശ്ശൂർ ജില്ലയിലെ ചാവക്കാട്ടുമുള്ള വിത്തുവികസന യൂണിറ്റുകൾ, കണ്ണൂർ ജില്ലയിലെ ചാലോട് ടിX ഡി പോളിനേഷൻ യൂണിറ്റ് എന്നിവയുടെ മേൽനോട്ടത്തിൽ വിത്തുതേങ്ങ സംഭരണ പ്രവർത്തനങ്ങൾ നടത്തുകയും നാളികേരകൃഷിക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ 'കേരഗ്രാമങ്ങൾ', 'പഞ്ചായത്തുതല കേര സമിതികൾ' എന്നിവ രൂപീകരിക്കുകയും 'കർമ്മ സേനകൾ' വഴി സസ്യ സംരക്ഷണമുൾപ്പെടെയുള്ള വിവിധ കാർഷിക പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. വെർജിൻ കോക്കനട്ട് ഓയിൽ, തേങ്ങാപ്പാൽ, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, ബേബി ഓയിൽ തുടങ്ങിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. അത്യുല്പാദനശേഷിയുള്ള സങ്കരയിനം തെങ്ങിൻതൈകൾ 60:20:20 എന്ന അനുപാതത്തിൽ വിതരണം ചെയ്തുവരുന്നുണ്ടെന്നും പച്ചത്തേങ്ങയുടെ സംഭരണ വില കിലോയ്ക്ക് 32 രൂപയായി ഉയർത്തിയിട്ടുണ്ടെന്നും ജില്ലാ വില നിർണ്ണയ സമിതിയുടെ ശിപാർശപ്രകാരം സംഭരണവിലയിൽ മാറ്റം വരുത്തുന്നതിന്

നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.